**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1937** **11-10-2024 - ൽ മറുപടിയ്ക്ക്**

**അങ്കമാലി-ശബരി റെയിൽ പദ്ധതിയുടെ പുതുക്കിയ എസ്റ്റിമേറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. എ. രാജ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ എം മുകേഷ് | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ശബരിമല തീർത്ഥാടകർക്കും മലയോര മേഖലയ്ക്കും വലിയ നേട്ടമുണ്ടാക്കുന്ന അങ്കമാലി-ശബരി റെയിൽ പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; പദ്ധതിയുടെ പുതുക്കിയ എസ്റ്റിമേറ്റ് റെയിൽവേയ്ക്ക് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | 1997-98 ൽ ആരംഭിക്കുകയും 8 കിലോമീറ്റർ ദൂരം നിർമ്മാണം നടത്തുകയും ചെയ്ത അങ്കമാലി - ശബരി പദ്ധതി ഇപ്പോൾ റെയിൽവേ മരവിപ്പിച്ചിരിക്കുകയാണ്. പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് പുതുക്കാൻ റെയിൽവേ നിർദ്ദേശിച്ചതു പ്രകാരം എസ്റ്റിമേറ്റ് പുതുക്കുകയും റെയിൽവേക്കു സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത എസ്റ്റിമേറ്റ് റെയിൽവേയുടെ പരിശോധനയിലാണ്. |
| (ബി) | പ്രസ്തുത പദ്ധതിയ്ക്ക് പുതുക്കിയ ഡി.പി.ആർ. പ്രകാരം പദ്ധതി ചെലവ് കണക്കാക്കിയിട്ടുണ്ടോ; പദ്ധതി ചെലവിന്റെ അൻപത് ശതമാനം സംസ്ഥാനം വഹിക്കാമെന്ന് കേന്ദ്രത്തിന് ഉറപ്പ് നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | അങ്കമാലി-ശബരി റെയിൽ പദ്ധതിയുടെ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം 3800 കോടി രൂപ ചിലവാകുമെന്നാണ് കണക്കാക്കിയിരിക്കുന്നത്.<br>പുതുക്കിയ എസ്റ്റിമേറ്റ് തുകയനുസരിച്ച് പദ്ധതിയുടെ 50% ചെലവ് പങ്കിടുന്നതിന് സംസ്ഥാന സർക്കാരിൽ നിന്നും സ്ഥിരീകരണം റെയിൽവേ ആവശ്യപ്പെടുകയുണ്ടായി. കിഫ്ബിയുടെ കടം പൂർണമായിട്ടും സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ്പരിധിയിൽ നിന്ന് ഒഴിവാക്കിയാൽ ശബരി പദ്ധതിയുടെ ചെലവിന്റെ 50% സംസ്ഥാന സർക്കാർ വഹിക്കാൻ തയാറാണ് എന്നുള്ള സർക്കാർ നിലപാട് റെയിൽവേ ബോർഡ് ചെയർമാനു കത്തിലൂടെ 29.08.2024 നു അറിയിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിനായി കേന്ദ്ര റെയിൽവേ വകുപ്പിന്റെ അടിയന്തര ഇടപെടലിനായി സംസ്ഥാന സർക്കാർ നടത്തി വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ? | (സി) | പദ്ധതി പുനരാരംഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ എത്രയും പെട്ടെന്ന് തുടങ്ങണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കേന്ദ്ര റെയിൽവേ മന്ത്രിക്ക് കത്തയക്കുകയുണ്ടായി. പദ്ധതി പുനരാരംഭിക്കണമെന്ന് ആവശ്യപ്പെട്ട് മുഖ്യമന്ത്രിയും കേന്ദ്ര റെയിൽവേ വകുപ്പ് മന്ത്രിയോട് ആവശ്യപ്പെടുകയുണ്ടായി. (D.O. No. 9672021/CM, Dated 18.09.2021). കൂടാതെ അങ്കമാലി - ശബരി പദ്ധതിയുമായി ബന്ധപ്പെട്ട് കേരള മുഖ്യമന്ത്രി |

| | | | | |
|---|---|---|---|---|
| | | | | 22.10.2021 ന് കേന്ദ്ര റെയിൽവേ വകുപ്പ മന്ത്രിയുമായി കൂടിക്കാഴ്ച നടത്തിയിരുന്നു.<br><br>17.08.2022-ന് കേന്ദ്ര റെയിൽവേ മന്ത്രിയുമായി നടത്തിയ കൂടിക്കാഴ്ചയിലും അങ്കമാലി - ശബരി ഉൾപ്പെടെയുള്ള പദ്ധതികൾ പ്രധാന അജണ്ടയായി വന്നിട്ടുള്ളതാണ്. എം.പി മാരുടെ സമ്മേളനത്തിലും പദ്ധതി സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതിനാവശ്യമായ കാര്യങ്ങൾ മുന്നോട്ടു വച്ചിട്ടുള്ളതാണ്. പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതിനും കെ.ആർ.ഡി.സി.എൽ തയ്യാറാക്കിയ പുതുക്കിയ എസ്റ്റിമേറ്റിനു അംഗീകാരം നൽകുന്നതിനും ആവശ്യപ്പെട്ടുകൊണ്ട് മുഖ്യമന്ത്രി 23.03.2023 നും 30.06.2023 നും കേന്ദ്ര റെയിൽ വകുപ്പ മന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. കൂടാതെ 21.06.2024 ന് ഈ പദ്ധതിയുടെ നേട്ടങ്ങളെക്കുറിച്ചുള്ള താരതമ്യ കുറിപ്പ് ഉൾപ്പെടുന്ന ഒരു കത്ത് നൽകുകയും അങ്കമാലി-എരുമേലി-ശബരി പദ്ധതിയുമായി മുന്നോട്ടുപോകുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കു നൽകാൻ അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ